# മൈ ഹെഡ്

നാലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടി കാണാപ്പാഠം വായിച്ചു പഠിക്കുകയാ യിരുന്നു.

മൈ ഹെഡ് = സാറിൻെറ തല

മൈ ഹെഡ് = സാറിൻെറ തല

അതു കേട്ട അമ്മ അടുക്കളയിൽ നിന്നും വന്നു ചോദിച്ചു.

"എന്താടാ ഈ പറയുന്നത്? മൈ ഹെഡ് സാറിൻെറ തലയോ?

മൈ ഹെഡ് എൻെറ തല എന്നു പറഞ്ഞു പഠിയ്ക്കെടാ"

"അതു പറ്റില്ല. മൈ ഹെഡ് സാറിൻെറ തലയാണെന്നാ സാറ് പറഞ്ഞത്. സാറ് പറഞ്ഞത് പഠിച്ചില്ലെങ്കിൽ എനിക്കാ അടി കിട്ടാ" - കുട്ടി കരഞ്ഞു.

"ഒരടിയും കിട്ടൂല. നീ എഴുതിയെടുത്തപ്പോൾ തെറ്റിയതാണ്. മൈ ഹെഡ് = എൻെറ തല എന്ന് വെട്ടിയെഴുത്. എന്നിട്ട് അതു പറഞ്ഞ് പഠിക്ക്. അല്ലെങ്കിൽ നിനക്കെൻെറ കയ്യിൽ നിന്നാ അടി കൊള്ളാൻ പോകുന്നത് കേട്ടോ".

സംഗതി അത്രയ്ക്കായപ്പോൾ കുട്ടി അമ്മ പറഞ്ഞതുപോലെ ചെയ്യാൻ സമ്മതിച്ചു. എഴുതിയത് വെട്ടി തിരുത്തിയെഴുതി. എന്നിട്ട് വീണ്ടും വായിച്ചു പഠിക്കാനാരംഭിച്ചു.

മൈ ഹെഡ് = അമ്മേടെ തല

മൈ ഹെഡ് = അമ്മേടെ തല

അതു കേട്ടതോടെ അമ്മ ചൂടായി. പക്ഷെ, ആ നേരത്താണ് ജോലികഴിഞ്ഞ് അച്ഛൻ വീട്ടിൽ വന്നു കയറിയത്. അതോടെ കുട്ടിയോടുള്ള ദേഷ്യം അമ്മ അച്ഛനോടെടുത്തു.

"ദേ, കേട്ടില്ലേ മോൻെറയൊരു ഇംഗ്ലീഷു പഠിത്തം. മൈ ഹെഡ് അമ്മേടെ തലയാണത്രെ. എത്ര പറഞ്ഞുകൊടുത്താലും ഈ ചെക്കൻ മനസ്സിലാക്കില്ല്യാന്ന് വെച്ചാൽ?".

"അതിന് നീ ബഹളം വെച്ചിട്ട് കാര്യമില്ല. രാധേ" അച്ഛൻ തുടർന്നു.

"കുട്ടികളോട് സാവധാനത്തിൽ പറഞ്ഞ് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കണം. അതിന് ക്ഷമ വേണം".

അത്രയും പറഞ്ഞ് അച്ഛൻ മോൻെറ അരികിൽ ചെന്നു പറഞ്ഞു.

"കുട്ടാ. മൈ ഹെഡ് എന്നുവെച്ചാൽ അമ്മയുടെ തല എന്നല്ല അർത്ഥം. ആരാണോ പറയുന്നത് അയാളുടെ തല എന്നാണ്. അതുകൊണ്ട്, മൈ ഹെഡ് = എൻെറ തല എന്നെഴുതിവേണം പഠിക്കാൻ. ഇപ്പോൾ മനസ്സിലായോ?

"ഉവ്വ്" - കുട്ടി പറഞ്ഞു.

അച്ഛൻ അമ്മയെ നോക്കി വിജയഭാവത്തിൽ ചിരിച്ചു.

അപ്പോഴേക്കും കുട്ടി തെറ്റു തിരുത്തിയശേഷം വായന തുടങ്ങിയിരുന്നു.....

"മൈ ഹെഡ് = അച്ഛൻെറ തല

മൈ ഹെഡ് = അച്ഛൻെറ തല"